"ക്ഷീരകർഷക ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം"

74 (2552) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവുംവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ക്ഷീരകർഷക ക്ഷേമനിധി എന്നു മുതലാണ് നിലവിൽ വന്നതെന്ന് വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത ക്ഷേമനിധി വഴി കർഷകർക്ക് ലഭ്യമായിട്ടുള്ള പദ്ധതികളെന്തൊക്കെയാണെന്ന് വിശദമാക്കുമോ ;

(സി) നിലവിൽ ക്ഷേമനിധിയിൽ അംഗങ്ങളായ കർഷകരുടെ ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ ;

(ഡി) ക്ഷീര കർഷകർക്കായി ക്ഷേമനിധി ബോർഡ് വഴി പുതിയ എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ?

ഉത്തരം

(എ) കേരള ക്ഷീരകർഷക ക്ഷേമനിധി 2005 ആഗസ്റ്റ് 24-ലെ 16250/ലെഗ്.യൂണി.3/2005/ നിയമം ഓർഡിനൻസ് പ്രകാരം നിലവിൽ വന്നു.

(ബി) കേരള ക്ഷീരകർഷക ക്ഷേമനിധി രൂപീകരിച്ചതിന് ശേഷം ക്ഷീര സഹകരണ സംഘങ്ങളിൽ ഒരു സാമ്പത്തിക വർഷത്തിൽ 500 ലിറ്റർ വീതം പാലളക്കുന്ന 193943 ക്ഷീരകർഷകരെ ക്ഷേമനിധിയിൽ അംഗങ്ങളാക്കിയിട്ടുണ്ട്. ആയതിൽ അറുപത് വയസ്സ് പൂർത്തിയായതും നിശ്ചിത പാലളവ് യോഗ്യതയുള്ളതുമായ 27315 ക്ഷീര കർഷകർക്ക് പ്രതിമാസം 300 രൂപ നിരക്കിൽ പെൻഷനും, മരണപ്പെട്ട 1365 പെൻഷണർമാരുടെ അനന്തരാവകാശിക്ക് 150 രൂപ നിരക്കിൽ കുടുംബപെൻഷനും നൽകിവരുന്നു. കൂടാതെ, 'ക്ഷീരദീപം' പദ്ധതിയിൽ ഉൾപ്പെടുത്തി ക്ഷേമനിധി അംഗങ്ങളുടെ പെൺമക്കളുടെ വിവാഹത്തിനുള്ള ധനസഹായ ഇനത്തിൽ 1,000 രൂപ നിരക്കിൽ നാളിതുവരെ 2464 ക്ഷേമനിധി അംഗങ്ങൾക്ക് നൽകിയിട്ടുണ്ട്. ക്ഷേമനിധി നടപ്പിലാക്കുന്ന വിദ്യാഭ്യാസ ധനസഹായ പദ്ധതിയിൽ ഉൾപ്പെടുത്തി പത്താംക്ലാസ്സ്, +2, ഡിഗ്രി പ്രൊഫഷണൽ എന്നീ തലങ്ങളിൽ ഉന്നത വിജയം കരസ്ഥമാക്കിയ അംഗങ്ങളുടെ മക്കൾക്ക് യഥാക്രമം 1000, 1500, 2000, 2500 എന്നീ നിരക്കിൽ വിദ്യാഭ്യാസ ധനസഹായമായി 803 ക്ഷേമനിധി അംഗങ്ങൾക്കും, ജില്ലകളിലെ മികച്ച ക്ഷീര കർഷകന് 2,000 രൂപ ക്യാഷ് അവാർഡും പ്രശസ്തി പത്രവും, ക്ഷേമ നിധി അംഗമായ ക്ഷീരകർഷകൻ മരണപ്പെട്ടാൽ മരണാനന്തര ചടങ്ങിന് 1,000 രൂപ ധനസഹായവും നൽകിയിട്ടുണ്ട്. ക്ഷീരകർഷക ക്ഷേമനിധി ബോർഡിന്റെയും യുണൈറ്റഡ് ഇന്ത്യ ഇൻഷുറൻസ് കമ്പനിയുടെയും സംയുക്താഭിമുഖ്യത്തിൽ ക്ഷേമനിധിയിൽ അംഗങ്ങളായ മുഴുവൻ ക്ഷീര കർഷകർക്കും അവരുടെ ആശ്രിതർക്കും ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പുവരുത്തുന്ന 'ക്ഷീരക്ഷേമ ഇൻഷ്വറൻസ്'

LIBRARY ARCHIVES Kerala Legislative Assembly

പദ്ധതി സർക്കാർ ധനസഹായത്തോടു കൂടി 2009-10 കാലയളവിൽ നടപ്പിലാക്കിയിരുന്നു. ടി പദ്ധതിപ്രകാരം 1079 പേർക്ക് 62,89,467 രൂപയും അംഗങ്ങളുടെ ആശ്രിത ഇൻഷുറൻസ് 21 പേർക്ക് 95,154 രൂപയും ധനസഹായം നൽകിയിട്ടുണ്ട്. കൂടാതെ, ക്ഷേമനിധി ബോർഡ് സർക്കാർ ധനസഹായത്തോടു കൂടി ക്ഷേമനിധി അംഗങ്ങൾക്ക് വേണ്ടി 2010-11 കാലയളവിൽ നടപ്പിലാക്കുന്ന സാമൂഹ്യ സുരക്ഷാ പദ്ധതിയായ 'ക്ഷീരസുരക്ഷാ പദ്ധതി' പ്രകാരം അപകട മരണം/ സ്ഥായിയായ അംഗവൈകല്യം എന്നിവയ്ക്കുള്ള ധനസഹായമായി 50,000 രൂപയും ക്യാൻസർ, ഹൃദ്രോഗം, വൃക്ക സംബന്ധമായ അസുഖങ്ങൾ തുടങ്ങിയ മാരക രോഗങ്ങൾക്കും ഗുരുതരമായ പരിക്കുകൾമൂലം ആശുപത്രിയിൽ കിടന്നുള്ള ചികിത്സയ്ക്കും, ശസ്ത്രക്രിയ ചെലവുകൾക്കുമുള്ള ധനസഹായമായി പരമാവധി 15,000 രൂപയും സംസ്ഥാന ആരോഗ്യ വകുപ്പ് പ്രസിദ്ധപ്പെടുത്തിയിട്ടുള്ള പ്രത്യേക പകർച്ചവ്യാധികൾ, പാമ്പുകടി, പേവിഷബാധ, പശുപരിപാലനത്തിനിടയിൽ ക്ഷീരകർഷകർക്കുണ്ടാകുന്ന ശസ്ത്രക്രിയ, പരിക്കുകൾ എന്നിവയ്ക്കുള്ള ധനസഹായമായി പരമാവധി 2,000 രൂപയും, പ്രകൃതിക്ഷോഭംമൂലം കാലിത്തൊഴുത്ത് നഷ്ടമായ ക്ഷീരകർഷകർക്ക് അവയുടെ പുനർനിർമ്മാണത്തിനായി പരമാവധി 3,000 രൂപയും അനുവദിക്കുന്നുണ്ട്. ടി പദ്ധതിപ്രകാരം 78 പേർക്ക് 6,59,811 രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്. സാമൂഹ്യ സാന്ത്വനിക സുരക്ഷാ പദ്ധതിപ്രകാരം അംഗങ്ങളുടെ ഉരുക്കൾക്ക് ഉണ്ടാകുന്ന കുളമ്പു രോഗത്തിന് ചികിത്സാ ധനസഹായമായി രോഗം ബാധിച്ച ഒരു ഉരുവിന് 1,000 രൂപയും കൂടുതലുള്ള ഓരോ ഉരുവിനും 500 രൂപ നിരക്കിലും പരമാവധി 2,000 രൂപ വരെ ധനസഹായം അനുവദിക്കുന്നുണ്ട്. ആയത്പ്രകാരം 1052 പേർക്ക് 17,42,000 രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്.

(സി) ക്ഷേമനിധിയിൽ നിലവിൽ 193943 ക്ഷീരകർഷകർ അംഗങ്ങളായിട്ടുണ്ട്. അംഗങ്ങളുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

തിരുവനന്തപുരം	-	22324
കൊല്ലം	-	15511
പത്തനംതിട്ട	-	6951
ആലപ്പുഴ	-	16785
കോട്ടയം	-	10170
ഇടുക്കി	-	1247
എറണാകുളം	-	18464
തൃശ്ശൂർ	-	11778
പാലക്കാട്	-	22772
മലപ്പുറം	-	8689

LIBRARY ARCHIVES Kerala Legislative Assembly

കോഴിക്കോട്	–	14322
വയനാട്	–	13285
കണ്ണൂർ	–	15695
കാസർഗോഡ്	–	5150

(ഡി) കേരള ക്ഷീരകർഷക ക്ഷേമനിധിയിൽ നിന്നും ക്ഷീരകർഷകർക്ക് പ്രതിമാസം നൽകിവരുന്ന ക്ഷീരകർഷക പെൻഷൻ 300 രൂപയിൽ നിന്നും 400 രൂപയും, കുടുംബ പെൻഷൻ 150 രൂപയിൽ നിന്നും 200 രൂപയും ആക്കി വർദ്ധിപ്പിക്കാനുള്ള നിർദ്ദേശം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

"പാലിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനുള്ള സംവിധാനം"

75 (2553) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാണിജ്യാടിസ്ഥാനത്തിൽ ക്ഷീരോൽപ്പാദനം നടത്തുന്നതിലേക്കായി എന്തെല്ലാം പദ്ധതികൾ ആണ് ഈ സർക്കാർ ആവിഷ്കരിച്ചു നടപ്പിലാക്കിയത് എന്ന് വിശദമാക്കുമോ ;

(ബി) അന്യസംസ്ഥാനങ്ങളിൽ നിന്നും ലഭിക്കുന്ന പാലിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ ; പ്രസ്തുത സംവിധാനങ്ങൾ ഫലപ്രദമായി ഉപയോഗിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുന്നു എന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതി പ്രകാരം 5 പശു യൂണിറ്റ്, 10 പശു യൂണിറ്റ്, 20 പശു യൂണിറ്റ്, 30 കിടാരികൾ നൽകുന്ന ഹീഫർ യൂണിറ്റ്, ഹൈടെക് ഡയറി ഫാമുകൾ എന്നിവ വാണിജ്യാടിസ്ഥാനത്തിൽ ക്ഷീരോല്പാദനം വർദ്ധിപ്പിക്കുന്നതിലേക്കായി സർക്കാർ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു.

(ബി) ഓണക്കാലത്ത് ക്ഷീരവികസന വകുപ്പ് ചെക്ക് പോസ്റ്റുകളിൽ താത്ക്കാലിക ഗുണനിലവാര പരിശോധന കേന്ദ്രങ്ങൾ സ്ഥാപിച്ച് അന്യ സംസ്ഥാനത്തു നിന്നും വരുന്ന പാലിന്റെ ഗുണനിലവാര പരിശോധന നടത്തുന്നു. ടാങ്കറുകളിൽ കൊണ്ടുവരുന്ന പാൽ ഡയറികളിൽ എത്തിച്ച് സംസ്കരണം നടത്തി പാക്കറ്റുകളിലാക്കിയാണ് വിപണനം നടത്തുന്നത്. ക്ഷീരവികസന വകുപ്പിന്റെ ജില്ലാതലത്തിൽ പ്രവർത്തിക്കുന്ന ക്വാളിറ്റി കൺട്രോൾ ഓഫീസർമ്മാർ മാർക്കറ്റിൽ ലഭ്യമായ എല്ലാ പാൽ ബ്രാൻഡുകളും പരിശോധിക്കുകയും ഗുണനിലവാരം കുറഞ്ഞ പാലിന്റെ സ്റ്റാറ്റ്യൂട്ടറി സാമ്പിളുകൾ ശേഖരിച്ച് എം.എം.പി.ഒ. ലാബിൽ പരിശോധിച്ച് കർശന നടപടി സ്വീകരിച്ചു

LIBRARY ARCHIVES Kerala Legislative Assembly